# കേരളസർവകലാശാല

## പത്രക്കുറിപ്പ്

നം.പി.ആർ.206/2020 ഫോൺ: 2305738

### പരീക്ഷാഫീസ്

വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ/ഡിസംബർ 2020 പരീക്ഷകൾക്ക് ഒക്ടോബർ 23 മുതൽ അപേക്ഷിക്കാം. പിഴകൂടാതെ നവംബർ 6 വരെയും 150 രൂപ പിഴയോടെ നവംബർ 11 വരെയും 400 രൂപ പിഴയോടെ നവംബർ 13 വരെയും ഓൺലൈനായി അപേക്ഷിക്കാം. പരീക്ഷാതീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. (സി.ബി.സി.എസ്.എസ്. സ്ട്രീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും നവംബർ 3 വരെ അപേക്ഷിക്കാം.

2019 നവംബറിൽ നടന്ന ബി.ബി.എ (2007 സ്കീം) ബി.എസ്.സി.ഇലക്ട്രോണിക്സ് (2005 സ്കീം) റീസ്ട്രക്ച്ചേർഡ് മേഴ്സിചാൻസ് 2008 വരെ/2009 സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 2, 3, 4, 5 തീയതികളിൽ അതതു പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധന

2019 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയക്ക് ഹാജരാകാത്ത വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) ഒക്ടോബർ 27, 28 തീയതികളിൽ ഹാജരാകേണ്ടതാണ്.

## ബി.എഡ്.ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ കർമ്മല റാണി ട്രെയിനിംഗ് കോളേജ് ഉൾപ്പെടുത്തി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കർമ്മല റാണി ട്രെയിനിംഗ് കോളേജ്, കൊല്ലം മലയാളം, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, കൊമേഴ്സ് എന്നീ ഓപ്ഷനുകൾ ബി.എഡ്. ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഒക്ടോബർ 27 വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം.

## കേരള പി.എസ്.സി മെട്രിക് ലെവൽ പ്രാഥമിക പരീക്ഷ സൗജന്യ പരിശീലന ക്ലാസ്

കേരള പി.എസ്.സി നടത്തുന്ന മെട്രിക് ലെവൽ പ്രാഥമിക പരീക്ഷയ്ക്കായി നൂറ് ദിവസത്തെ സൗജന്യ പരിശീലന ക്ലാസ് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ഓൺലൈനായി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ http://bit.ly/ueigb-psc-10th എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ബി.എഡ്. മൂല്യനിർണ്ണയ ക്യാമ്പ് – പ്രതിഫലം ലഭ്യമാക്കി

2020 ജനുവരിയിൽ കെ.യു.സി.റ്റി.ഇ. തേവള്ളിയിൽ വച്ച് നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ്. മൂല്യനിർണ്ണയ ക്യാമ്പിൽ ഹാജരായ അദ്ധ്യാപകരുടെ പ്രതിഫലം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
22.10.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098